# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4999 30.06.2014-ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ ധനം

| ചോദ്യം<br>ശ്രീ. സി.കൃഷ്ണൻ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷനും രോഗികളെ ശുശ്രൂഷിക്കുന്നവർക്കുള്ള ആശ്വാസധനവും നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിലെ എത്ര ദുരിതബാധിതർക്കും സഹായികൾക്കും ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രതിമാസ പെൻഷൻ ജില്ലയിലെ 34 പഞ്ചായത്തുകളിൽ താമസിക്കുന്ന 4468 ദുരിതബാധിതർക്കും, എൻഡോസൾഫാൻ ദുരിതബാധിതരെ ശുശ്രൂഷിക്കുന്നവർക്കുള്ള സഹായധനം സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിൽപെടുത്തി 487 പേർക്കും നൽകി വരുന്നുണ്ട്. ആശ്വാസകിരണം പദ്ധതിയിൽ രോഗികളെ ശുശ്രൂഷിക്കുന്നവർക്കുള്ള ആശ്വാസധനം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽപ്പെട്ടവർക്കും നൽകി വരുന്നുണ്ട്. |
| (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നടപ്പിലാക്കാൻ നിർദ്ദേശിച്ച ആശ്വാസ നടപടികൾ 11 പഞ്ചായത്തുകളിൽ മാത്രം നടപ്പിലാക്കിയതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റേഷൻ വക കശുമാവിൻ തോട്ടങ്ങളിലാണ് ആകാശ മാർഗ്ഗേന എൻഡോസൾഫാൻ തളിച്ചിട്ടുള്ളത്. എൻഡോസൾഫാൻ തളിച്ചതുമൂലം ഉണ്ടാകാവുന്ന രോഗങ്ങൾ, ടി രോഗങ്ങൾ പിടിപെടാനുണ്ടായ സാഹചര്യം എന്നിവകൂടി കണക്കിലെടുത്താണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്. നിലവിൽ ഏത് പഞ്ചായത്തിൽ താമസമാണെങ്കിലും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആശ്വാസനടപടികൾ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 11 പഞ്ചായത്തുകൾക്ക് പുറത്തുള്ളവർക്കും അവർ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയാൽ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകി വരുന്നുണ്ട്. |
| (സി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകളിൽ 11 പഞ്ചായത്തുകളിൽ മാത്രമേ ആശ്വാസ നടപടികൾ നടപ്പിലാക്കേണ്ടതുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ? | (സി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകളിൽ 11 പഞ്ചായത്തുകളിൽ മാത്രമായി ആശ്വാസ നടപടികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതരായി കിടപ്പിലായവർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, ശാരീരികവൈകല്യം ബാധിച്ചവർക്കും ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനാണ് മനുഷ്യവകാശ കമ്മീഷൻ ശുപാർശ ചെയ്യുത്. അപ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നതിന് എൻഡോസൾഫാൻ എക്സ്പോഷർ ഉണ്ടാകാൻ സാദ്ധ്യതയുള്ളവരെയാണ് പരിഗണിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ